പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2179 16.08.2017 ൽ മറുപടിയ്ക്ക്

## മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

ചോദ്യം

ശ്രീ.എം. മുകേഷ്

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കിഫ്ബിയിൽ നിന്നും തുക വിനിയോഗിച്ച് എല്ലാ ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) & ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതി പ്രകാരം 7 ജില്ലകളിലെ സ്റ്റേഡിയം നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 27.05.2017 ലെ സ.ഉ (സാധാ)നം.99/2017/കാ.യു.വ പ്രകാരം കായികവുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയി കിറ്റ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) | ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | | |
| സി) | എത്ര ഭൂമിയാണ് ഇതിനായി ആവശ്യമായി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | സി) | ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിനു ചുരുങ്ങിയത് 10 ഏക്കർ ഭൂമി വേണ്ടിവരും. കളിസ്ഥലം കൂടാതെ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടിയാണിത്. |
| ഡി) | കൊല്ലം ജില്ലയിൽ ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ സ്മരണാർത്ഥം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം ഇതിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിൽ ഉൾപ്പെടാതെ പോയതിന്റെ കാരണംഎന്താണ്; വിശദാംശം ലഭ്യമാക്കുമോ? | ഡി) | കൊല്ലം ജില്ലയിൽ ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ സ്മരണാർത്ഥം പ്രഖ്യാപിച്ചിട്ടുള്ള മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടുന്ന സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ